മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്ര മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക്;

(സി) എത്ര ആഴ്ച ഇവർക്ക് സൗജന്യ റേഷൻ നൽകി;

(ഡി) ഇതിനുവേണ്ടി ആകെ ചെലവായ സംഖ്യ എത്ര?

ഉത്തരം

(എ, ബി, സി, ഡി) പ്രകൃതി ക്ഷോഭംമൂലം മാറിപ്പാർപ്പിക്കേണ്ടി വരുന്നവർക്ക് സൗജന്യ റേഷൻ നൽകുവാൻ ജില്ലാകളക്ടർമാർക്കുതന്നെ അധികാരമുണ്ട്. കൂടാതെ രൂക്ഷമായ കടലാക്രമണം നടന്നിട്ടുള്ള പ്രദേശങ്ങളിൽ വളരെ അധികം ദുരിതമനുഭവിക്കുന്നവർക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

തൊണ്ടുനിയന്ത്രണ നിയമഭേദഗതി

624 [191] ശ്രീ. വി. കേശവൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. ടി. കെ. അബ്ദു:
,, കെ. മൂസ്സക്കുട്ടി:
,, സി. പി. മൂസ്സാൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടു നിയന്ത്രണ നിയമം ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്രഗവൺമെൻറ് പുതിയ നിർദ്ദേശങ്ങൾ വല്ലതും സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് കയർ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുമോ;

(ഡി) അഴുക്കൽ തൊണ്ടിൽനിന്നു മാത്രം 30% ലെവി എടുത്ത് സഹകരണമേഖലയ്ക്ക് നൽകിയാൽ മതിയെന്ന് കേരളം ആവശ്യപ്പെട്ടിരുന്നുവോ?

ഉത്തരം

(എ, ബി) 1973–ലെ തൊണ്ടുനിയന്ത്രണനിയമം നിർത്തലാക്കിക്കൊണ്ട് ഒരു കൊല്ലക്കാലത്തേക്ക് പരീക്ഷണാർത്ഥം ലെവി ഏർപ്പെടുത്തുന്നതിന് സമ്മതമാണെന്നും ഇതിനെ സംബന്ധിച്ച് ഔപചാരികമായി ഉത്തരവുകൾ പുറപ്പെടുവിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായും കേന്ദ്ര ഗവൺമെൻറ് സംസ്ഥാനഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

(സി) പരീക്ഷണാർത്ഥം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ലെവി സമ്പ്രദായത്തിൽ പോരായ്മകളുണ്ടെന്നു കാണുകയാണെങ്കിൽ അവ പരിശോധിച്ച് വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly